
മടക്കം
ഒരിക്കൽ കൂടി
മടങ്ങിപ്പോകണമെനിക്ക്
വർണ്ണച്ചായങ്ങൾ
പടർന്നിറങ്ങിയ
ബാല്യത്തിലേക്ക്
പിണങ്ങിപ്പിണങ്ങി
ഇണങ്ങിച്ചേർന്ന
സൗഹൃദ
വലയത്തിലേക്ക്
കാദങ്ങൾ താണ്ടി
നടന്നുപോയ
ചങ്ങാതിക്കൂട്ടത്തിലേക്ക്..
ഒരുപാട് കഥകൾ കേട്ട്
മടുത്ത, കളിചിരികൾ
അലയടിക്കുന്ന
പള്ളിക്കൂട
വരാന്തയിലേക്ക്...
ഇടവേളകളിൽ മധുരം
നുണയാൻ ഓടിക്കൂടിയ
പീടിക കോലായിലേക്ക്.
പ്രണയം പെയ്യുമ്പോൾ
നനഞ്ഞൊട്ടിയ
മനസ്സുമായി കണ്ണു
ചിമ്മാതെ സ്വപ്നം
കണ്ട കലാലയ
മരച്ചുവട്ടിലേക്ക്...
നേരം പോക്ക് ആക്കിയ
ബന്ധങ്ങൾ ഓർത്തു
തേങ്ങികരഞ്ഞ
രാത്രികളിലേക്ക്....
സ്വപ്നച്ചിറക്കിലേറ്റി
കൂടെ പറന്ന
തോഴരിലേക്ക്...
പിറവിക്ക് മുന്നേ
മൃതിയടഞ്ഞ എന്റെ
സ്വപ്നങ്ങളിലേക്ക്...
മോഹങ്ങളിലേക്ക്...
ഒരിക്കൽ കൂടി
മടങ്ങിപ്പോകണമെനിക്ക്
എന്റെ മരിക്കാത്ത
കുറേ ഓർമകളിലേക്ക്
മൈസൂന